**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2346** 08/05/2017 -ൽ മറുപടിയ്ക്ക്

**<u>പത്താം ക്ലാസ്സ്, ഹയർ സെക്കന്ററി പരീക്ഷകൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, റോജി എം. ജോൺ<br>,, വി.ഡി.സതീശൻ : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ പത്താം ക്ലാസ്സ്, ഹയർ സെക്കന്ററി പരീക്ഷകളിൽ സിലബസ്സിൽ ഇല്ലാത്തതും, ബുദ്ധിമുട്ടേറിയതുമായ ചോദ്യങ്ങൾ ഉൾപ്പെടുത്തി എന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ; | (എ) 20.03.2017 ൽ നടന്ന എസ് എസ് എൽ സി ഗണിതശാസ്ത്രം പരീക്ഷ ബുദ്ധിമുട്ടേറിയതായിരുന്നു എന്ന് ആക്ഷേപം ഉണ്ടായിരുന്നു.<br>ഹയർ സെക്കണ്ടറി 2017 മാർച്ച് പരീക്ഷയ്ക്ക് വേണ്ടി തയ്യാറാക്കിയ 226 ചോദ്യപേപ്പറുകളിൽ രണ്ടാം വർഷ കണക്ക്, രണ്ടാം വർഷ ജേർണലിസം എന്നീ വിഷയങ്ങളിൽ പാഠഭാഗത്തിനു പുറത്തുള്ള ചോദ്യങ്ങൾ ഉണ്ടായിട്ടുണ്ട്. രണ്ടാം വർഷ ഇക്കണോമിക്സ് പരീക്ഷയിൽ കഠിന ചോദ്യങ്ങൾ അനുവദിക്കപ്പെട്ട തോതിനേക്കാൾ കൂടുതലായിരുന്നു. |
| (ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ: വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) 20.03.2017 ൽ നടന്ന എസ് എസ് എൽ സി ഗണിതശാസ്ത്രം പരീക്ഷ റദ്ദ് ചെയ്യുകയും 30.03.2017 ൽ പുന:പരീക്ഷ നടത്തുകയും ഉണ്ടായി.<br>ഹയർ സെക്കണ്ടറി പരീക്ഷയെപ്പറ്റി പരാതിയുണ്ടായതിനെ തുടർന്ന് എസ് സി ഇ ആർ റ്റി വിദഗ്ധരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്ന തരത്തിൽ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ ശുപാർശ നൽകുകയും സ്കീം ഫൈനലൈസേഷനിൽ ആയത് പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇത്തരത്തിൽ ചോദ്യകടലാസ് തയ്യാറാക്കുന്ന അദ്ധ്യാപകരെ കരിം പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ